## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 223. 12.02.2019 -ലെ മറുപടിക്ക്.

**ക്ഷേമനിധി ബോർഡുകളുടെ പുന:സംഘടന**

ചോദ്യം

**ശ്രീ.കെ. ദാസൻ**

**ശ്രീ.സി.കൃഷ്ണൻ**

**ശ്രീ.പി. ഉണ്ണി**

**ശ്രീ. എൻ. വിജയൻ പിള്ള:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളെ പുന:സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി | ഏതൊക്കെ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നു; അതുവഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. സമാനസ്വഭാവമുള്ള ബോർഡുകളുടെ ഏകീകരണത്തിലൂടെ ബോർഡുകളുടെ ശാക്തീകരണം സാധ്യമാക്കുന്നതിനൊപ്പം കൂടുതൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുവാനും കഴിയും. |
| (സി) | മുൻ യു.ഡി.എഫ്. സർക്കാർ ഗ്രാന്റ് നൽകാതിരുന്നതിനെ തുടർന്ന് കടുത്ത പ്രതിസന്ധിയിലായിരുന്ന കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക ആനുകൂല്യ വിതരണത്തിനായി ഗ്രാന്റ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ആനുകൂല്യ കുടിശ്ശിക വിതരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആകെ 130 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | മുൻ സർക്കാരിന്റെ വികല മദ്യനയം കാരണം തൊഴിൽ നഷ്ടപ്പെട്ട ബാർഹോട്ടൽ തൊഴിലാളികൾക്കായി പ്രഖ്യാപിച്ചിട്ടുള്ള അബ്കാരി ക്ഷേമനിധി ബോർഡുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന പുനരധിവാസ പദ്ധതിയുടെ വിശദാംശം നൽകാമോ? | (ഡി) | തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതി വകുപ്പ് "സുരക്ഷാ" സ്വയം തൊഴിൽ എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സംസ്ഥാന അബ്കാരി ക്ഷേമനിധി ബോർഡ് ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതി വകുപ്പ് "സുരക്ഷാ" സ്വയം തൊഴിൽ എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരള സംസ്ഥാന അബ്കാരി ക്ഷേമനിധി ബോർഡ് ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. 2014 - ലെ അബ്കാരി നയത്തിൽ പ്രഖ്യാപിച്ച "പുനർജ്ജനി 2030" നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കെ.എസ്.ബി.സി വഴി വിറ്റഴിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപന നികുതിയിന്മേൽ ഏർപ്പെടുത്തിയ 5% സെസ്സിൽ നിന്നും സമാഹരിക്കുന്ന തുകയിൽ നിന്നും . പ്രസ്തുത ബോർഡിന് ലഭ്യമാക്കുന്നതാണ്. ഗുണഭോക്താക്കൾക്ക് അവരുടെ താൽപ്പര്യത്തിനനുസരിച്ചുള്ള പ്രൊജക്ടുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്. സർക്കാരിന്റെ 2014- ലെ മദ്യനയം നടപ്പിലാക്കിയതുവഴി തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികൾ മാത്രമേ ഈ പദ്ധതിക്ക് അർഹരായിരിക്കുകയുള്ളൂ. ഇവർ അബ്കാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളോ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരോ ആയിരിക്കേണ്ടതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് 5 വർഷത്തേയ്ക്ക് 2,50,000/- രൂപ Term Loan ആയും 50,000/- രൂപ ഗ്രാന്റ് /സബ്സിഡി ആയും അനുവദിക്കുന്നതാണ്. ഈ തുകയ്ക്ക് 4% വാർഷിക പലിശയാണ് 5 വർഷത്തിനുള്ളിൽ തുല്യ മാസ തവണകളായി പ്രസ്തുത വായ്പ തിരിച്ചടക്കേണ്ടതാണ്. ഈ ലോൺ തുകയുടെ ആദ്യ ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനുശേഷം തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ